"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സാംസ്കാരിക വകുപ്പിൻറ "കലാകാരന്മാരുടെ ഉപജീവനം/ ഗ്രാമീണ കലാകേന്ദ്രം പദ്ധതി" - സാംസ്കാരിക വകുപ്പ് കണ്ടെത്തിയിട്ടുള്ള 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അതത് തദ്ദേശസ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഉൾപെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.970/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 270/2019/ സാം.കാ.വ., തീയതി 01.07.2019

2 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.2020-ലെ പി4 -3474/19/സാം.വ. നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം 4.90

**<u>ഉത്തരവ്</u>**

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് വിപണന പ്രദർശന വേദികൾ ഒരുക്കുക, ദേശീയ അന്തർദേശീയ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, വിവിധ പദ്ധതികളുമായി ബന്ധിപ്പിച്ച് അവരുടെ സാമൂഹ്യ സാമ്പത്തിക പരാധീനതകൾ പരിഹരിക്കുക, ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക എന്നിവ ലക്ഷ്യം വച്ച് സാംസ്കാരിക വകുപ്പ് ' കലാകാരന്മാരുടെ ഉപജീവനം /ഗ്രാമീണ കലാകേന്ദ്രം' എന്ന പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഭൂരിഭാഗം സ്ത്രീകളുൾപ്പെടുന്ന 2000-ത്തോളം കലാകരകൗശല വിദഗ്ധർ ഗുണഭോക്താക്കളായ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വയംസഹായ സംഘങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വിപണി ബന്ധം ഉറപ്പിച്ച് കരകൗശല വിദഗ്ധരുടെ ഉപജീവന സുസ്ഥിരത ഉറപ്പ് വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നും അതിനായി പദ്ധതി രൂപീകരണ വേളയിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പൈതൃക ഗ്രാമങ്ങൾക്കും കരകൗശല വിദഗ്ധർക്കും പ്രയോജനപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരിഗണന നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വിവിധ കരകൗശല മേഖലകളിലായി അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 22 പൈതൃക ഗ്രാമങ്ങളാണ് സാംസ്കാരിക വകുപ്പ് കണ്ടെത്തിയിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
സാംസ്കാരിക വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.01 17:26:00 IST
Reason: Approved

സെക്ഷൻ ഓഫീസർ

## പദ്ധതി നടപ്പിലാക്കുന്ന ഗ്രാമങ്ങൾ

| ക്രമ. നം. | പൈതൃക ഗ്രാമം | കരകൗശല മേഖല | ജില്ല | ബ്ലോക്ക് | പഞ്ചായത്ത് | കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | മുട്ടത്തറ | ദാരുശില്പം | തിരുവനന്തപുരം | | | തിരുവനന്തപുരം |
| 2. | ബാലരാമപുരം | കൈത്തറി | തിരുവനന്തപുരം | പെരുങ്കടവിള | കൊല്ലയിൽ | |
| 3. | തഴവ | കൈതയോല | കൊല്ലം | ഓച്ചിറ | തഴവ | |
| 4. | ആറന്മുള | കണ്ണാടി | പത്തനംതിട്ട | കുളനട | ആറന്മുള | |
| 5. | ചേർത്തല | കയർ ഉൽപ്പന്നങ്ങൾ | ആലപ്പുഴ | കഞ്ഞിക്കുഴി | ചേർത്തല സൗത്ത് | |
| 6. | വാടയാർ | കളിമൺ ശില്പങ്ങൾ | കോട്ടയം | വൈക്കം | വാടയാർ | |
| 7. | തേക്കടി | മുള ഉൽപ്പന്നങ്ങൾ | ഇടുക്കി | അഴുത | തേക്കടി | |
| 8. | ചേന്ദമംഗലം | കൈത്തറി | എറണാകുളം | പറവൂർ | ചേന്ദമംഗലം | |
| 9. | കുത്താംമ്പുള്ളി | കൈത്തറി | തൃശ്ശൂർ | പഴയന്നൂർ | തിരുവില്വാമല | |
| 10. | ഗുരുവായൂർ | പൂരം കോപ്പുകൾ | തൃശ്ശൂർ | മുല്ലശ്ശേരി | ഇളവള്ളി | |
| 11. | ചേർപ്പ് | ദാരു ശില്പങ്ങൾ | തൃശ്ശൂർ | ചേർപ്പ് | ചേർപ്പ | |
| 12. | വെള്ളിനേഴി | കഥകളി കോപ്പുകൾ | പാലക്കാട് | ശ്രീകൃഷ്ണപുരം | വെള്ളിനേഴി | |
| 13. | പെരുവെമ്പ് | വാദ്യോപകരണം | പാലക്കാട് | മലമ്പുഴ | പെരുവെമ്പ് | |
| 14. | പെരുവെമ്പ് | കൈത്തറി | പാലക്കാട് | മലമ്പുഴ | പെരുവെമ്പ് | |
| 15. | ബേപ്പൂർ | ഉരു | കോഴിക്കോട് | | | കോഴിക്കോട് |
| 16. | അരുവാക്കോട് | മൺപാത്ര നിർമ്മാണം | മലപ്പുറം | | | നിലമ്പൂർ |
| 17. | തൃക്കൈപ്പറ്റ | മുള ഉല്പന്നങ്ങൾ | വയനാട് | കൽപ്പറ്റ | മേപ്പാടി | |
| 18. | കുഞ്ഞിമംഗലം | വെങ്കല നിർമ്മാണം | കണ്ണൂർ | പയ്യന്നൂർ | കുഞ്ഞിമംഗലം | |
| 19. | പയ്യന്നൂർ | തെയ്യ ചമയങ്ങൾ | കണ്ണൂർ | | | പയ്യന്നൂർ |
| 20. | തളങ്കര | തൊപ്പി നിർമ്മാണം | കാസർഗോഡ് | | | കാസർഗോഡ് |
| 21. | ആര്യനാട് | ദാരു ശില്പങ്ങൾ | തിരുവനന്തപുരം | വെള്ളനാട് | ആര്യനാട് | |
| 22. | മാന്നാർ | വെങ്കല പാത്രങ്ങൾ | ആലപ്പുഴ | മാന്നാർ | ചെങ്ങന്നൂർ | |